**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5344</u>** **<u>21-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സി.എൻ.ജി. ബസ്സുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ഡീസൽ ബസ്സുകൾ സി.എൻ. ജി യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് മാറ്റി പ്രവർത്തനം വിലയിരുത്തുന്നതിന്റെ മുന്നോടിയായി പരീക്ഷണാർത്ഥം ബസുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. അതിൻപ്രകാരം വർക്ക് ഓർഡർ നൽകി. ഒരു ഡീസൽ ബസ്സ് സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തി 09.6.2022 മുതൽ ആലുവ യൂണിറ്റിൽ സർവ്വീസ് നടത്തി വരികയുമാണ്. |
| (ബി) | ഇതുവരെയായി എത്ര ബസ്സുകൾ സി.എൻ .ജി. യിലേക്ക് പരിവർത്തനം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഒരു ബസ്സ് (RSK168) പരീക്ഷണാർത്ഥം സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്ത് ആലുവ യൂണിറ്റിൽ സർവ്വീസ് നടത്തി വരുന്നു. |
| (സി) | സി.എൻ.ജി. യിലേയ്ക്ക് ബസ്സുകൾ പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ച് വിശദപഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | വിശദമായ പഠനത്തിന്റെ ഭാഗമായാണ് പരീക്ഷണാർത്ഥം ഒരു ബസ്സ് സി.എൻ.ജി. ആക്കി പരിവർത്തനം ചെയ്ത് 09.6.2022-മുതൽ ആലുവ യൂണിറ്റിൽ സർവ്വീസ് നടത്തി വരുന്നത്. വീണ്ടും 9 ബസ്സുകൾ കൂടി സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്ത് സംസ്ഥാനത്തെ വിവിധ മേഖലകളിൽ സർവ്വീസ് നടത്തി ആയത് വിശദമായി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ